# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പി.ടി.എ.പി 4 -838/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 06/01/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.ടി.എ.പി 4 -838/2021 തീയ്യതി: 06/01/2022

## പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2020 മുതൽ 27-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിജയലക്ഷ്മി.പി.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ:ഗ്രേ) | 16-11-2021 | 27-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-11-2021 | 27-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അനിൽ കുമാർ.സി, ഓഡിറ്റ് ഓഫീസർ (ഹ,ഗ്രേ)

ശ്രീ.മഹേഷ് കുമാർ കെ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ദീപ.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലേഖാ ജനാർദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഹരികുമാർ.എസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷിബു വർഗ്ഗീസ് | പ്രസിഡന്റ് | 01-04-2020 | 25-09-2020 |
| ശ്രീമതി.നിഷ അശോകൻ | പ്രസിഡന്റ് | 01-01-2021 | 31-03-2021 |
| ശ്രീ.എസ്,വിജയ് | സെക്രട്ടറി | 01-04-2020 | 25-09-2020 |
| ശ്രീമതി.രജനി രവീന്ദ്രൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-09-2020 | 31-03-2021 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 31-12-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എസ്,വിജയ് | സെക്രട്ടറി | 01-04-2020 | 25-09-2020 |
| ശ്രീമതി.രജനി രവീന്ദ്രൻ | സെക്രട്ടറി (അഡീഷണൽ ചാർജ്ജ്) | 26-09-2020 | 31-03-2021 |
| ശ്രീമതി.രജനി രവീന്ദ്രൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.റോയ് ഐസക്ക് വർഗ്ഗീസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.വിശ്വനാഥൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.കോശി.സി.പണിക്കർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 29-04-2020 |
| ശ്രീ.അൻസീന കെ.എം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 30-04-2020 | 28-07-2020 |
| ശ്രീമതി അനഘ എ റാണി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 29-07-2020 | 26-02-2021 |
| ശ്രീമതി.ലക്ഷമി ദിവാകരൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 27-02-2021 | 31-03-2021 |
| ശ്രീമതി ഷാമില | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ജിസ്സ് മേരി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി. മഞ്ജു എസ് | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 28-10-2020 | 05-11-2020 |
| ശ്രീമതി.പ്രിൻസി പി.സി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ.ദീപ പി.കെ | LVEO | 01-04-2020 | 31-03-2021 |
| ശ്രീമതി.പുഷ്പകുമാരി | ICDS സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.രമേശ് കുമാർ കെ.എം | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഓമന കെ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 29-05-2020 |
| ശ്രീ.മാർട്ടിൻ ആന്റണി | അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്ജ്) | 30-05-2020 | 29-06-2020 |
| ശ്രീ.പ്രദീപ് കുമാർ എം.എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 30-06-2020 | 30-06-2020 |
| ശ്രീ.വിജയൻ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2020 | 06-09-2020 |
| ശ്രീമതി അനുപമ | അസിസ്റ്റന്റ് എഞ്ചിനീയർ | 07-09-2020 | 09-02-2021 |
| ശ്രീ.മാർട്ടിൻ ആന്റണി | അസിസ്റ്റന്റ് എഞ്ചിനീയർ | 09-02-2021 | 31-03-2021 |
| ശ്രീമതി ബിന്ദു ദേവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Deepa S (Asst. Audit Officer, On 27-11-2021)<br>Last Updated By: Joe M James (Computer Assistant, On 15-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Deepa S (Asst. Audit Officer, On 27-11-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Deepa S (Asst. Audit Officer, On 27-11-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-12-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Deepa S (Asst. Audit Officer, On 27-11-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Deepa S (Asst. Audit Officer, On 27-11-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Deepa S (Asst. Audit Officer, On 27-11-2021)<br>Last Updated By: Joe M James (Computer Assistant, On 15-12-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Deepa S (Asst. Audit Officer, On 27-11-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-12-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Deepa S (Asst. Audit Officer, On 27-11-2021)<br>Last Updated By: Joe M James (Computer Assistant, On 15-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Deepa S (Asst. Audit Officer, On 27-11-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Deepa S (Asst. Audit Officer, On 27-11-2021)<br>Last Updated By: Joe M James (Computer Assistant, On 15-12-2021) | 1-10 |
| 11 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.<br>Written By: Harikumar.S (Auditor, On 29-11-2021)<br>Last Updated By: Joe M James (Computer Assistant, On 15-12-2021) | 1-11 |
| 12 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Harikumar.S (Auditor, On 29-11-2021)<br>Last Updated By: Joe M James (Computer Assistant, On 15-12-2021) | 1-12 |
| 13 | ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടം ക്രമവത്കരിച്ച് നൽകി<br>Written By: Harikumar.S (Auditor, On 29-11-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-12-2021) | 1-13 |
| 14 | D&O ലൈസൻസ് പിരിവിലെ അപാകതകൾ<br>Written By: Deepa S (Asst. Audit Officer, On 28-11-2021)<br>Last Updated By: Joe M James (Computer Assistant, On 15-12-2021) | 1-14 |
| 15 | ദുരിതാശ്വാസ നിധി അക്കൗണ്ട് നിഷ്ക്രിയം<br>Written By: Deepa S (Asst. Audit Officer, On 28-11-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-12-2021) | 1-15 |

| | | |
|---|---|---|
| 16 | വെള്ളക്കരം 13.18 ലക്ഷം രൂപ- തനതുഫണ്ട് ചോരുന്നു<br>Written By: Deepa S (Asst. Audit Officer, On 28-11-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-12-2021) | 1-16 |
| 17 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല<br>Written By: Lekha Janardhanan (Senior Grade Auditor, On 23-11-2021)<br>Last Updated By: Joe M James (Computer Assistant, On 15-12-2021) | 1-17 |
| 18 | അഗതിരഹിതകേരളം പദ്ധതി - അക്കൗണ്ടിൽ അവശേഷിക്കുന്നത് 13.61 ലക്ഷം രൂപ<br>Written By: Lekha Janardhanan (Senior Grade Auditor, On 23-11-2021)<br>Last Updated By: Joe M James (Computer Assistant, On 15-12-2021) | 1-18 |
| 19 | ഫലവൃക്ഷ കേദാരം പദ്ധതി - വൃക്ഷത്തൈ പൂർണ്ണമായും വിതരണം ചെയ്തില്ല<br>Written By: Lekha Janardhanan (Senior Grade Auditor, On 26-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 18-01-2022) | 1-19 |
| 20 | ലൈഫ് മിഷൻ പദ്ധതി-ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Deepa S (Asst. Audit Officer, On 28-11-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-12-2021) | 1-20 |
| 21 | വീട് വാസയോഗ്യമാക്കൽ - അറ്റകുറ്റപ്പണി പൂർത്തീകരിച്ചില്ല<br>Written By: Deepa S (Asst. Audit Officer, On 28-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 18-01-2022) | 1-21 |
| 22 | അളവുകൾ രേഖപ്പെടുത്താതെ ഓഫീസ് ഫർണിഷിംഗ് - ചെലവ് 40.72 ലക്ഷം<br>Written By: K R Maheshkumar (Asst. Audit Officer, On 30-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 06-01-2022) | 1-22 |
| 23 | പി.എച്ച്.സി. - കെട്ടിട നിർമ്മാണത്തിന് ലക്ഷങ്ങൾ ചെലവഴിച്ചിട്ടും ഇപ്പോഴും വാടകക്കെട്ടിടത്തിൽ<br>Written By: Lekha Janardhanan (Senior Grade Auditor, On 30-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 06-01-2022) | 1-23 |
| 24 | സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കാത്ത കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ<br>Written By: K R Maheshkumar (Asst. Audit Officer, On 30-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 06-01-2022) | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lekha Janardhanan (Senior Grade Auditor, On 30-11-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 28-12-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 24-11-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 28-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 24-11-2021)<br>Last Updated By: Joe M James (Computer Assistant, On 15-12-2021) | 4-3 |

| | | |
|---|---|---|
| 4 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Lekha Janardhanan (Senior Grade Auditor, On 24-11-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 28-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Lekha Janardhanan (Senior Grade Auditor, On 24-11-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 28-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Lekha Janardhanan (Senior Grade Auditor, On 24-11-2021)<br>Last Updated By: Joe M James (Computer Assistant, On 15-12-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lekha Janardhanan (Senior Grade Auditor, On 24-11-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 28-12-2021) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Lekha Janardhanan (Senior Grade Auditor, On 24-11-2021)<br>Last Updated By: Joe M James (Computer Assistant, On 15-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lekha Janardhanan (Senior Grade Auditor, On 26-11-2021)<br>Last Updated By: Shenu Balakrishnan (Computer Assistant, On 28-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 24-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 18-01-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്

2020-21 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് 30.03.2020-ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം കമ്മിറ്റി അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 19.02.21 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം കമ്മിറ്റി അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഷെഡ്യൂൾ B3- Capital Contribution ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് തൻവർഷത്തെ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ ചെലവുകളായി ഷെഡ്യൂൾ I 6- ൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. ഗ്രാന്റ് തുകകൾ ഉപയോഗിച്ച് സ്ഥിര ആസ്തികൾ സൃഷ്ടിച്ചപ്പോൾ ആയത് Capital Head -ൽ അക്കൗണ്ട് ചെയ്തില്ല.

2) ഷെഡ്യൂൾ B4- 19011755/- രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. Code 320100101 -NREGA. 320100126-PYCKA എന്നിവ ഒഴികെയുള്ള തുകകളുടെ മുൻ വർഷത്തെ നീക്കിബാക്കി തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ആയതിനാൽ തൻവർഷത്തെ നീക്കിബാക്കി തുകയുടെ കൃത്യത അംഗീകരിക്കാനാവില്ല.

3)ഷെഡ്യൂൾ B-5:- Secured Loans- നീക്കിയിരിപ്പ് തുക കൃത്യമല്ല.:

4)ഷെഡ്യൂൾ B-7: Deposit Received : Code-340100102 Suppliers Earnest Money Deposit, 340100203-Bidders Security Deposit, 340200101-Rent Deposit, 340100199-other Deposit Received എന്നീ ഹെഡുകളിലെ നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല

5).ഷെഡ്യൂൾ B-9:- തൊഴിൽ നികുതി, ലൈസൻസ് ഫീ ഇനങ്ങളിൽ അഡ്വാൻസായി പിരിച്ചെടുത്ത തുക രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6)ഷെഡ്യൂൾ B-11(a):- Capital Work In Progress നീക്കിയിരിപ്പ് തുക കൃത്യമല്ല

7) ഷെഡ്യൂൾ B-15:- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

8) ഷെഡ്യൂൾ B-18:-Loan, Advances And Deposits ഇനത്തിൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

9) ഷെഡ്യൂൾ I-3:- വാടക ഇനത്തിൽ ഡിമാന്റായി കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

10) ഷെഡ്യൂൾ RP-1: Profession Tax- Employees- കളക്ഷൻ തുക, ഡിമാന്റ് തുകയിൽ നിന്നും 34000 രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു. നീക്കി ബാക്കി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടില്ല.

11) ഷെഡ്യൂൾ RP-7:- വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ചെലവ് തുകകൾ സുലേഖ സോഫ്റ്റ് വെയറിലെ ചെലവുകളുമായോ ഗ്രാന്റ് ഷെഡ്യൂളിലെ ചെലവുകളുമായോ പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22477674 |
| വരവ് | 62668806 |
| ആകെ | 85146480 |
| ചെലവ് | 77954055 |
| നീക്കിയിരിപ്പ് | 7192425 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി / ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16493200 | 16493200 | 15844616 | 648584 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10771800 | 10771800 | 6100012 | 4671788 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 69000 | 69000 | 0 | 69000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 8965715 | 8965715 | 5046325 | 3919390 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4480000 | 4480000 | 400000 | 4080000 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 10076000 | 100760000 | 7353410 | 2722590 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | | 3492000 | 3492000 | 2222380 | 1269620 |

കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർ ഇ ജി എസ് | 818500 | 1025146 | 1843646 | 1837753 | 5893 |
| ഐ.സി.ഡി.എസ്. | 1247509 | 0 | 1247509 | 251472 | 996037 |

സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | | 300000 | 300000 | 200000 | 100000 |
| ലൈബ്രറി ഗ്രാന്റ് | 0 | 14140 | 14140 | 14140 | 0 |

ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

2020-21 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗപത്രികകൾ തയ്യാറാക്കിയതിൽ ചുവടെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച ഗ്രാന്റിൽ വിവിധ ഇനങ്ങളിൽ സർക്കാർ സോഴ്സ് ഡിഡക്ഷൻ നടത്തിയതിന് ശേഷം കിട്ടിയ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെടുത്തിയിട്ടുള്ളത്. ടി തുകകൾ കൂടി ഉൾപ്പെടുത്തിയാവണമായിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് കാണിക്കേണ്ടിയിരുന്നത്.

| ക്രമ നം | വിഭാഗം | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 16493200 | 14622627 | 1870573 | ആംഗൻവാടി ജീവനക്കാരുടെ പ്രതിഫലം-1051200 രൂപ, ലൈഫ് -കെ.യു.ആർ.ഡി.എഫ്.സി വായ്പ |

| | | | | | |
|---|---|---|---|---|---|
| | | | | | തുക- 819373 രൂപ എന്നീ ഇനങ്ങളിലാണ് സോഴ്സ് ഡിഡക്ഷൻ നടത്തിയത്. പ്രസ്തുത തുകകൾ ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 10771800 | 10654624 | 117176 | ലൈഫ് - കെ.യു.ആർ.ഡി.എഫ്.സി വായ്പ തുക-117176 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയിരുന്നു. പ്രസ്തുത തുക ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. |
| 3 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 3492000 | 3456681 | 35319 | വോട്ടിംഗ് മെഷീൻ-35319 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയത് ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. |

2) മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ സർക്കാർ സോഴ്സ് ഡിഡക്ഷൻ നടത്തിയ തുകയ്ക്ക് പ്രൊജക്ട് തയ്യാറാക്കി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

| ക്രമ നം | വിഭാഗം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 3456681 | 3492000 | 35519 | വോട്ടിംഗ് മെഷീൻ- 35319 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയത് ഗ്രാന്റ് ചെലവിൽ ഉൾപ്പെടുത്തിയില്ല. പ്രസ്തുത തുകയ്ക്ക് ആനുപാതികമായി പ്രോജക്ട് തയ്യാറാക്കുകയോ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവ് വിഭാഗത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല |

3) വാർഷിക ധനകാര്യപത്രികയിലെ ചെലവ് തുകകളും ഗ്രാന്റ് വിനിയോഗപത്രികയിലെ ചെലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | വിഭാഗം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് | വാർഷിക ധനകാര്യപത്രികയിലെ ചെലവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട് (എസ്.സി.പി) | 5926032 | 6100012 | 6100012 | 173980 | ഗ്രാന്റ് സ്റ്റേറ്റ്മെന്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ 173980 രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| 2 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 2187061 | 2222380 | 2187061 | 35319 | വോട്ടിംഗ് മെഷീൻ- 35319 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയത് സാംഖ്യയിൽ ഉൾപ്പെട്ടിട്ടില്ല. |
| 3 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 7037122 | 7353410 | 7353410 | 31628० | ഗ്രാന്റ് സ്റ്റേറ്റ്മെന്റും വാർഷ്ഷ ധനകാര്യപത്രികയും തമ്മിൽ 316280 രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു. |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി ചെലവ് ശതമാനം |
|---|---|---|---|---|---|
| 186 | 83403131 | 81 | 49829504 | 105 | 60 |

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രോജക്ടുകളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 44 % പ്രൊജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കാൻ ലക്ഷ്യമിട്ട തുകയുടെ 60% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർഇ..ജി.എസ് - അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 818500 | 1025146 | 1843646 | 1837753 | 5893 |
| എം.ജി.എൻ.ആർഇ..ജി.എസ് - തൊഴിലാളികളുടെ വേതനം | 0 | 142.85 | 142.85 | 142.85 | 0 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 4315 | 4566500 |
| 2 | വാർദ്ധക്യകാല പെൻഷൻ | 1934 | 24932700 |
| 3 | വിധവാ പെൻഷൻ | 660 | 9584800 |
| 4 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 204 | 3062100 |
| 5 | 50 വയസ്സിന് മുകളിലുള്ള | 36 | 507000 |

| | | | |
|---|---|---|---|
| | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27/11/2021 തീയതിയിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി . 1729 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമല്ല.

രേഖകളുടെ സൂക്ഷിപ്പ്: ഫയലുകളും രേഖകളും രജിസ്റ്ററുകളും ബന്ധപ്പെട്ട വൗച്ചറുകളും യഥാവിധി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. പണസംബന്ധമായ ഇടപാടുകളിൽ നിയമവും, ചട്ടവും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും പലപ്പോഴും ലംഘിക്കപ്പെട്ടു. ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ മതലായ സുപ്രധാന രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിരുന്നില്ല. പഞ്ചായത്തിലെ പ്രധാന വരവിനങ്ങളുടെയൊന്നും ഡിമാന്റ് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററുകൾ കൂട്ടി എഴുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ കണക്കാക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

പേഴ്സണൽ രജിസ്റ്റർ: സെക്ഷനുകൾ പേഴ്സണൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. പേഴ്സണൽ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുക അസാധ്യമാണ്.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.10.16-14.11.16 | 2011-2012 മുതൽ 2015-2016 വരെ | 22.12.16 |
| പെർഫോമൻസ് ഓഡിറ്റ് | 28.07.2021 - 04.08.2021 | 2020-21 | ലഭിച്ചിട്ടില്ല |

## 1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും

രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ഭൂരിപക്ഷം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വലിയ വരുമാന നഷ്ടമുണ്ടായി. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | തൊഴിൽ നികുതി (അർദ്ധവർഷം) | |
|---|---|---|---|
| | | ജീവനക്കാർ | സ്ഥാപനം |
| 1 | കടപ്ര ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd | 1st & 2nd |
| 2 | വളഞ്ഞവട്ടം ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd | 1st & 2nd |
| 3 | പരുമല ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd | 1st & 2nd |
| 4 | റേഷൻകടകൾ(10 എണ്ണം) | 1st & 2nd | 1st & 2nd |
| 5 | അമ്മ ഫ്യുവൽസ്, 8/428 | 1st & 2nd | - |
| 6 | റാപ്കോ ഇൻഡസ്ട്രീസ്, 10/422 | 1st & 2nd | - |
| 7 | എസ്.എസ്.എ. ലേബർ കോൺട്രാക്റ്റ് സൊസൈറ്റി, 9/493 | 1st & 2nd | - |
| 8 | തുരുത്തിക്കര ഭാരത് ഗ്യാസ്, 15/158A | 1st & 2nd | - |
| 9 | മഞ്ചേരിക്കളം സൂപ്പർ മാർക്കറ്റ് | 1st & 2nd | - |
| 10 | അക്ഷയ കേന്ദ്രം, കടപ്ര | 1st & 2nd | 1st & 2nd |

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച ചുവടെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും 2019-20 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ.നം. | കരാറുകാരുടെ വിവരങ്ങൾ |
|---|---|
| 1 | യോഹന്നാൻ കെ.എം., കരിമ്പിൻ പീടികയിൽ, വളഞ്ഞവട്ടം |
| 2 | മോൻസൺ ഐസക്ക്, ഭഗവത്തുകുഴി, നിരണം |
| 3 | സാനു പി.എസ്., പാറക്കാട്ടേത്ത്, പരുമല |
| 4 | അബ്രഹാം വർഗ്ഗീസ്, ഒരേത്തുപുളിമൂട്ടിൽ, കടപ്ര |
| 5 | ബിനോയ് വി.പി., മനൻതറ വട്ടത്ത്, വളഞ്ഞവട്ടം |
| 6 | അനിൽ എസ്. ഉഴത്തിൽ, ഉഴത്തിൽ ഹൗസ്, പരുമല |
| 7 | ജിജു എബ്രഹാം, പാലത്തുംപാട്ട്, പരുമല |
| 8 | ബിനീഷ്കുമാർ വി.റ്റി., വലിയതറയിൽ ഹൗസ്, നിരണം |
| 9 | സബികുമാർ പി., പുന്നശ്ശേരിൽ, ആനപ്പറമ്പിൽ സൗത്ത്, തലവടി |
| 10 | ജേക്കബ് അബ്രഹാം, പുളിമൂട്ടിൽ ഹൗസ്, നിരണം |
| 11 | ബിജു അലക്സ്, മറ്റയ്ക്കൽ പുത്തൻപുരയിൽ , കടപ്ര |

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി

ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടം ക്രമവത്കരിച്ച് നൽകി

കടപ്ര വില്ലേജ് , സർവ്വേ നം. 84/19-ലുള്ള 13.60ച.മീ ഭൂമിയിൽ 922.56 ച.മീ. വിസ്തീർണ്ണമുള്ള അസംബ്ലി കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. റോയി ജോൺ, വെരിലേത്തേ് പുത്തൻവീട്, വളഞ്ഞവട്ടം എന്നയാൾക്ക് 04.06.2018-ൽ A2-BA(133388)/2018 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. എന്നാൽ നിർദിഷ്ട പ്ലാനിൽ നിന്നും വ്യതിചലിച്ച് 455.34 ച.മീ. അധികമായി നിർമ്മാണം നടത്തുകയും ആയത് ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരം ക്രമവത്ക്കരിച്ച് 15/223A എന്ന നമ്പർ അനുവദിച്ചിട്ടുമുണ്ട്. ശ്രീ.വർഗ്ഗീസ് കുരുവിള, കടുവെട്ടിയിൽ ഹൗസ് എന്നയാളുടെ 6.10ച.മീ. ഭൂമി കൂടി ഉൾപ്പെടുത്തി ടിയാളെ സംയുക്ത അപേക്ഷകനാക്കിയിട്ടുണ്ട്. അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയത് മൂലം എഫ്.എ.ആർ, കവറേജ്, പാർക്കിംഗ് എന്നിവയിലുണ്ടായ അപാകതകൾ പരിഹരിക്കുന്നതിനായാണ് ശ്രീ.വർഗ്ഗീസ് കുരുവിളയെ സഹഅപേക്ഷകനാക്കിയിട്ടുള്ളത്. കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| കെട്ടിടത്തിന്റെ വിവരങ്ങൾ | വിസ്തീർണ്ണം |
|---|---|
| താഴത്തെ നില | 673.80 ച.മീ. |
| ഒന്നാം നില | 539.40 ച.മീ. |
| ബാൽക്കണി | 164.70 ച.മീ. |
| ആകെ | 1377.90 ച.മീ. |

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 44(4) പ്രകാരം ബാൽക്കണികൾ, ഗ്യാലറികൾ, മെസ്സാനിൻ നിലകൾ എന്നിവയുടെ വിസ്തീർണ്ണം അസംബ്ലി ഹാൾ ഏരിയയുടെ മൊത്തം ബിൽറ്റ് അപ് ഏരിയയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല . ഒന്നാം നിലയിൽ നിർമ്മിച്ചിട്ടുള്ള ബാൽക്കണിയുടെ അനുവദനീയമായ വിസ്തീർണ്ണം 134.85 ച.മീറ്ററാണ്. എന്നാൽ 29.85 അധികമായി ബാൽക്കണി നിർമ്മിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം ക്രമവത്ക്കരിച്ച് നമ്പർ അനുവദിച്ച് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(12/27.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമവത്ക്കരണം അനുവദിച്ചതിലെ അപാകതകൾ സംബന്ധിച്ച് ടൗൺ പ്ലാനിംഗ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-14 D&O ലൈസൻസ് പിരിവിലെ അപാകതകൾ

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് 2020-21 വർഷം ലൈസൻസ് നൽകിയിട്ടില്ല

1.റേഷൻ റീട്ടയിൽ ഡിപ്പോകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 10 റീട്ടെയിൽ റേഷൻ ഡിപ്പോകൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്.

II. ക്ഷീരോത്പാദക സഹകരണസംഘങ്ങൾ

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ഷീരോത്പാദക സഹകരണസംഘങ്ങൾ ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്

1.പരുമല ക്ഷീരോത്പാദക സഹകരണസംഘം PT6

2.കടപ്ര ക്ഷീരോത്പാദകസഹകരണസംഘം

3.വളഞ്ഞവട്ടം ക്ഷീരോത്പാദകസഹകരണസംഘം PT128(D

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീ ഈടാക്കി D&O ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തി വിവരം

ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ദുരിതാശ്വാസ നിധി അക്കൗണ്ട് നിഷ്ക്രിയം

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും ഫണ്ട് വിനിയോഗവും) ചട്ടങ്ങൾ പ്രകാരം നിരാലംബരെ സഹായിക്കുന്നതിന് ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അതിന് പ്രത്യേക അക്കൗണ്ട് ആരംഭിക്കാവുന്നതുമാണ്. ഗ്രാമപ്പഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും അടിയന്തിര സന്ദർഭങ്ങളിൽ അർഹരായവർക്ക് സഹായം നൽകുന്നതിന് നിധിയിൽ പണമില്ല. വർഷങ്ങളായി 677 രൂപ മാത്രമാണ് അക്കൗണ്ടിൽ അവശേഷിക്കുന്നത്. കോവിഡ് മഹാമാരിയും പ്രളയദുരിതങ്ങളും നേരിടുന്ന ഈ കാലഘട്ടത്തിൽ സംഭാവന വഴിയും കലാകായികവിനോദ പരിപാടികളിലൂടെയും ഇതിനായി ഫണ്ട് സ്വരൂപിച്ച് നിരാലംബരായവർക്ക് സഹായം നൽകുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 വെള്ളക്കരം 13.18 ലക്ഷം രൂപ- തനതുഫണ്ട് ചോരുന്നു

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 251 ടാപ്പുകൾക്ക് പ്രതിമാസം 109813 രൂപയാണ് ഒടുക്കുന്നത്. 13.18 ലക്ഷം രൂപയാണ് ഈ ഇനത്തിലെ പ്രതിവർഷ ചെലവ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് 13.10.2011-ലാണ് സംയുക്തപരിശോധന നടത്തിയിട്ടുള്ളത്. വെള്ളം കിട്ടുന്ന ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താതെ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം തുക ഒടുക്കുന്നത് അംഗീകരിക്കാനാവില്ല. പൊതുടാപ്പുകളേക്കാൾ ഗാർഹിക കണക്ഷന് മുൻഗണന നൽകണമെന്നും അപ്രകാരം ചെയ്ത ശേഷം ആ പ്രദേശത്തെ പൊതുടാപ്പുകൾ ക്രമേണ നിർത്തലാക്കണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയുടെ [ജി.ഒ.(എം.എസ്)362/2013തീയതി 16.11.2013] അനുബന്ധം 1 ഖണ്ഡിക നം (8) ൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ആ നിർദ്ദേശവും പഞ്ചായത്ത് പാലിച്ചിട്ടില്ല. അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷന് നൽകുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചും, സംയുക്തപരിശോധന നടത്തിയും പൊതുടാപ്പുകളുടെ വെള്ളക്കരത്തിൽ പഞ്ചായത്തിനുണ്ടാകുന്ന അധിക ചെലവ് കുറയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല

തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ ഉൾപ്പെട്ട സമിതി പഞ്ചായത്തിലെ അങ്കണവാടികളെ സംബന്ധിച്ച് അവസ്ഥാ വിശകലനം നടത്തിയിട്ടുണ്ടെങ്കിലും അതിനനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഗ്രാമപ്പഞ്ചായതിന്റെ അധീനതയിൽ ആകെ 24 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ 10 എണ്ണത്തിനു സ്വന്തമായി കെട്ടിടമുണ്ട്. എല്ലാ അംഗൻവാടികളിലും ടോയിലറ്റ് സൗകര്യമുണ്ടെങ്കിലും ഒരിടത്ത്പോലും ശിശുസൗഹാർദ്ദ ശുചിമുറിയില്ല. ആവശ്യത്തിന് ഫർണീച്ചറും ഇല്ല. മെയിന്റനൻസ് ആവശ്യമുള്ള 4 എണ്ണവും, ചുറ്റമതിൽ ആവശ്യമുള്ള 4 എണ്ണവും, സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം പണി ആരംഭിക്കാത്ത 3 അങ്കണവാടിയും ഗ്രാമപ്പഞ്ചായത്തിലുണ്ട്. ഈ വിഷയത്തിൽ ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സജീവ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-18 അഗതിരഹിതകേരളം പദ്ധതി - അക്കൗണ്ടിൽ അവശേഷിക്കുന്നത് 13.61 ലക്ഷം രൂപ

അഗതിരഹിതകേരളം പദ്ധതിക്ക് നൽകിയ തുകകൾ സമയബന്ധിതമായി ചെലവാക്കാതെ അക്കൗണ്ടിൽ നിഷ്ക്രിയമായി അവശേഷിക്കുന്നു. പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ 31.03.2021 ൽ 1361500.54 രൂപ നീക്കിയിരിപ്പുണ്ട്.

അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കിയ ആക്ഷൻ പ്ലാനിന് (രണ്ടാം ഘട്ടം) സംസ്ഥാന കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.12.2017 ലെ കെ.എസ്സ്/എൽ/13100/2018 നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതിയിൽ 217 ഗുണഭോക്തൃ കുടുംബങ്ങളാണുള്ളത്. നിലവിൽ 215കുടുംബങ്ങളാണുള്ളത്. വകയിരുത്തിയ ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഘടകം | തുക |
|---|---|

| | |
|---|---|
| ഭക്ഷണം | 5799600 |
| ചികിത്സ | 424800 |
| വീട് | 16800000 |
| കുടിവെള്ളം | 960000 |
| വിദ്യാഭ്യാസം | 346500 |
| കക്കൂസ് | 1140000 |
| വീട് പുനരുദ്ധാരണം | 2650000 |
| വൈദ്യുതി | 20000 |
| തൊഴിൽ പരിശീലനം | 30000 |
| കൗൺസിലിംഗ് | 15000 |
| എക്സ്പെൻസ് ഫോർ അവൈലിംഗ് | 3000 |
| റിസർവ്വ് ഫണ്ട് | 75000 |
| മറ്റു ചെലവുകൾ | 15000 |
| മെഡിക്കൽ ക്യാമ്പ് | 30000 |
| ആകെ | 28308900 |

2019-20, 2020-21 വർഷങ്ങളിൽ ചലഞ്ച് ഫണ്ട് 2320874 രൂപയും വികസന ഫണ്ട് 675000 രൂപയും പദ്ധതിയ്ക്കായി നൽകിയിട്ടുണ്ട്. ടി തുകകൾ പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിന് 2354428 രൂപയും, ഒരു കുടുംബത്തിന് വീടുവയ്ക്കുന്നതിന് 250000 രൂപയും വിദ്യാഭ്യാസ ചെലവിന് 74558 രൂപയും മാത്രമാണ് നൽകിയത്. ആക്ഷൻ പ്ലാനിൽ വിഭാവനം ചെയ്തിരുന്ന മറ്റ് പ്രവർത്തനങ്ങൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല. മാസം തോറും ഭക്ഷണകിറ്റ് നൽകുന്നില്ല. മൂന്ന മാസത്തിലൊരിക്കലാണ് ഭക്ഷണകിറ്റ് നൽകുന്നത്. ഭക്ഷണകിറ്റ് എല്ലാ മാസവും നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത നിരവധി കുടുംബങ്ങൾ ഗുണഭോക്താക്കളായുള്ളപ്പോഴും പദ്ധതിയുടെ അക്കൗണ്ടിൽ ലഭ്യമായ ഫണ്ട് ആക്ഷൻ പ്ലാനിന് അനുസൃതമായി ചെലവഴിക്കുന്നതിന് അധികൃതർ ശ്രദ്ധിച്ചിട്ടില്ല. പദ്ധതി നടത്തിപ്പ് ഗൗരവമായി എടുത്തിട്ടില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ലഭ്യമായ ഫണ്ട് വകയിരുത്തിയതിനനുസൃതമായി ചെലവഴിക്കുന്നതിനും പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-19 ഫലവൃക്ഷ കേദാരം പദ്ധതി - വൃക്ഷതൈ പൂർണ്ണമായും വിതരണം ചെയ്തില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്ട് നം -എസ്. ഒ. 106/21

അടങ്കൽ - 350000, വികസന ഫണ്ട് (പൊതുവിഭാഗം)

ചെലവ്- ബിൽ നം.JA07/ 2019-20 തീയതി. 21.02.2020 തുക- 262500

2020-21 വർഷം സ്പിൽ ഓവർ പ്രൊജക്ടായി ആവിഷ്കരിച്ച ഫലവൃക്ഷ കേദാരം പദ്ധതി പ്രകാരം ഫലവൃക്ഷതൈ വിതരണത്തിനായി വി.എഫ്.പി. സി .കെ യിൽ നിന്നും 262500 രൂപക്ക് (ബിൽ.നം KBK/EKM/19-20/524, തീയതി 30-03-20) ഫലവൃക്ഷതൈകൾ വാങ്ങിയിട്ടുണ്ട്. പുളിക്കീഴ് കാർഷിക സേവനകേന്ദ്രത്തിൽ സൂക്ഷിച്ചിരിക്കുന്ന ടി ഫലവൃക്ഷ തൈകൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല. പദ്ധതിക്ക് പഞ്ചായത്തിൽ നിന്നും നൽകിയ ഗുണഭോക്തൃലിസ്റ്റ് അപര്യാപ്തമായിരുന്നതിനാലും കോവിഡ് കാലമായിരുന്നതിനാൽ പ്രതീക്ഷിച്ച അത്രയും ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടക്കാതിരുന്നതിനാലും പുളിക്കീഴ് കർഷക സേവന കേന്ദ്രത്തിൽ എത്താൻ ബുദ്ധിമുട്ട് ആയതിനാലും ഫലവൃക്ഷതൈകൾ പൂർണ്ണമായി വിതരണം ചെയ്യുന്നതിന് സാധിച്ചില്ല എന്ന് കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ- 8/23-11-21) നൽകിയ മറുപടി തൃപ്തികരമല്ല. ഗുണഭോക്തൃവിഹിതം അടയ്ക്കാതെ വികസനഫണ്ട് ചെലവഴിച്ച് വാങ്ങിയ വൃക്ഷതൈകളുടെ വിലയായ 262500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന ഫലവൃക്ഷതൈകൾ നശിച്ചുപോകാതെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-20 ലൈഫ് മിഷൻ പദ്ധതി-ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി 2018-19 ൽ കരാറിലേർപ്പെട്ട ശ്രീമതി സൂസമ്മ എന്ന ഗുണഭോക്താവ് ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കുന്നതിന് 2020-21 സാമ്പത്തികവർഷം 142000/- രൂപ നൽകിയിട്ടുണ്ട്. ഫണ്ടിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കരാർ തീയതി | നൽകിയ തുക | ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| സൂസമ്മ<br>കുരിശുംമൂട്ടിൽ, പരുമല | 20.07.2018 | 40000<br>(2018-19)<br>142000<br>(2020-21) | 578011/<br>28.03.2021 |

പ്രസ്തുത ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് ടിയാൾക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിന് 22.11.2021 ൽ കത്തു നൽകിയിട്ടുണ്ടെന്നും ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതാണെന്നും നിർവഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താവ് ഭവനം നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 വീട് വാസയോഗ്യമാക്കൽ - അറ്റകുറ്റപ്പണി പൂർത്തീകരിച്ചില്ല

വീട് വാസയോഗ്യമാക്കൽ പദ്ധതിയിലുൾപ്പെടുത്തി (3/2020-21) 13 ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണികൾക്കായി 2020-21 ൽ 1000000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവരിൽ 7 പേർ തൻവർഷം നിർമ്മാണം പൂർത്തീകരിക്കുകയും 6 പേർ നിലവിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ദേവദാസ്, തോപ്പിൽ തെക്കേതിൽ, പരുമല എന്ന ഗുണഭോക്താവ് അഡ്വാൻസ് തുകയായി 50000 രൂപ കൈപ്പറ്റിയ ശേഷം നാളിതുവരെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത ഗുണഭോക്താവ് വീട് അറ്റകുറ്റപ്പണി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നിർവഹണോദ്യോഗസ്ഥ അറിയിച്ചു. അറ്റകുറ്റപ്പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 അളവുകൾ രേഖപ്പെടുത്താതെ ഓഫീസ് ഫർണിഷിംഗ് - ചെലവ് 40.72 ലക്ഷം

2019-20, 2020-21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി ഗ്രാമപഞ്ചായത്ത് ഓഫീസ് ഫർണിഷിംഗിന് കോട്ടയം, മീനച്ചിൽ റബർവുഡ് ലിമിറ്റഡ് എന്ന ഏജൻസി മുഖേന മൂന്നു പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. (പ്രൊജക്ട് നം 102/2019, 182/19-20, 167/19-20). സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 12.04.2019 ലെ G.O(Rt) No: 14/2019/SPD ഉത്തരവു പ്രകാരം ഈ സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ സർക്കാർ സ്ഥാപനങ്ങൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഫർണിച്ചറുകൾ വാങ്ങാൻ അനുമതിയുള്ളതിനാലാണ് ഈ സ്ഥാപനത്തിനെ നേരിട്ടു തിരഞ്ഞെടുത്തത്. ഇതിൽ അസിസ്റ്റന്റ് എഞ്ചിനീയർ താഴെ പറയുന്ന പദ്ധതികളിലൂടെ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ രണ്ടു ഫർണിഷിംഗ് പ്രവൃത്തികളിൽ വാല്വേഷൻ എടുക്കാതെ സ്ഥാപനത്തിനു തുക നൽകിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയിൽ അളവുകളുടെ വാല്വേഷൻ സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയിരുന്നു.

1)

| പ്രൊജക്ട് നം/ | ബിൽ തുക , | ഫർണിഷ് ചെയ്ത ഓഫീസ്, | തുക, |
|---|---|---|---|

| പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നം/ തീയതി | ഫർണിഷിംഗ് വിശദാംശങ്ങൾ | ഇൻവോയിസ് നം/ തീയതി |
|---|---|---|---|
| 167/19-20, AE ഓഫീസ്, അഗ്രിക്കൾച്ചറൽ ഓഫീസ് ഫർണിഷിംഗ്, അസിസ്റ്റന്റ് എഞ്ചിനീയർ | ₹343055 (BRN-139723; 24.01.2020) ₹488582 (BRN-139732; 24.01.2020) ₹432634 (BRN-139737; 24.01.2020) | പ്രസിഡന്റിന്റെ മുറി<br>ഫുൾ പാർട്ടീഷൻ- 23.78 M2<br>ഫുൾ പാനലിംഗ്-51.84 M2<br>ഷോ കേസ്- 1.08M2<br>ചെയർ മെട്രോ- 9<br>ചാരുബഞ്ച്- 4<br>എക്സിക്യൂട്ടീവ് ചെയർ-1<br>അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ്<br>എക്സിക്യൂട്ടീവ് ടേബിൾ -1<br>സ്റ്റോറേജ് (ഗ്ലാസ്സ്,തടി)- 1.35 M2<br>ചെയർ മെട്രോ-5<br>വിസിറ്റേഴ്സ് ചെയർ -2<br>ഫുൾ പാർട്ടീഷൻ- 13.45 M2<br>ടേബിൾ -4<br>ടേബിൾ ടോപ്പ് ഗ്ലാസ്സ് പാർട്ടീഷൻ- 1.64 M2<br>സ്റ്റോറേജ്- 7.084 M2<br>കൃഷി ഓഫീസ്<br>ഫുൾ പാർട്ടീഷൻ- 20.014 M2 | 63602 (90/13.11.2019) 28556 (95/20.11.2019) 510508 (97/22.11.2019) 80500 (102/13.12.2019) 10903 (103/13.12.2019) 488582 (106/17.12.2019) 81620 (107/17.12.2019) |
| ആകെ | 12,64,271 | | 12,64,271 |

2)

| പ്രൊജക്ട് നം/ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ തുക , ബിൽ നം/ തീയതി | ഫർണിഷ് ചെയ്ത ഓഫീസ്, ഫർണിഷിംഗ് വിശദാംശങ്ങൾ | തുക, ഇൻവോയിസ് നം/ തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 182/19-20, 201/20-21<br>ഓഫീസ് ഓട്ടോമേഷൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>തനതു ഫണ്ട് | ₹2808082<br>ചെക്ക് നം:8368262/ 20.11.2020 | കൃഷി ഓഫീസറുടെ മുറി<br>എക്സിക്യൂട്ടീവ് ചെയർ-1<br>എക്സിക്യൂട്ടീവ് ടേബിൾ-1<br>ഓഫീസ് ചെയർ -3<br>ഫുൾ പാർട്ടീഷൻ- 24.48M2<br>സ്റ്റാഫ് റൂം<br>ടേബിൾ -1<br>സ്റ്റഡി ടേബിൾ -1<br>ഓഫീസ് ചെയർ - 4<br>ഫുൾ പാർട്ടീഷൻ-22.02<br>സ്റ്റോറേജ് - 1.335<br>ടേബിൾ ടോപ്പ് ഗ്ലാസ്സ് പാർട്ടീഷൻ-2.40<br>അഗ്രിക്കൾച്ചറൽ ക്ലിനിക്<br>കമ്പ്യൂട്ടർ ടേബിൾ -2<br>ഓഫീസ് ചെയർ - 2<br>ഫുൾ പാർട്ടീഷൻ-<br>കുടുംബശ്രീ കൗൺസിൽ ഹാൾ പാർട്ടീഷൻ- 5.34M2<br>ഡൈനിംഗ് ചെയർ - 2 (Dc2k11U)<br>പാസ്സേജ് ഏരിയ<br>പാനലിംഗ് (2.44M Height)<br>NREG സെക്ഷൻ<br>എക്സിക്യൂട്ടീവ് ടേബിൾ -3<br>ഷെൽഫ്<br>ഓഫീസ് ചെയർ- 3<br>ഫുൾ പാർട്ടീഷൻ-11.46<br>ടേബിൾ ടോപ്പ് ഗ്ലാസ്സ് പാർട്ടീഷൻ-2.40<br>ലൈബ്രറി<br>ഷെൽഫ് (ഗ്ലാസ്സ്, തടി) | 495836<br>(60/14.08.2020)<br>115392<br>(62/17.08.2020)<br>109032<br>(63/17.08.2020)<br>2087822<br>(65/19.08.2020) |

| | | | | |
|---|---|---|---|---|
| | | ഫുൾ പാർട്ടീഷൻ-16.21<br>ഡെസ്ക്ക് -2<br>ബെഞ്ച് - 2<br>സ്റ്റാൻഡിംഗ് കമ്മിറ്റി റൂം<br>1.22 M പാർട്ടീഷൻ- 7.38<br>എക്സിക്യൂട്ടീവ് ടേബിൾ -3<br>ഓഫീസ് ചെയർ -3<br>ഡൈനിംഗ് ചെയർ - 10 (Dc2k11U)<br>വൈസ് പ്രസിഡന്റ് റൂം<br>എക്സിക്യൂട്ടീവ് ടേബിൾ -1<br>എക്സിക്യൂട്ടീവ് ചെയർ - 1<br>ഓഫീസ് ചെയർ -4<br>കുടുംബശ്രീ മുറി<br>ടേബിൾ -2, ചാരുബഞ്ച് -8,ഓഫീസ് ചെയർ -2<br>കൗൺസിൽ ഹാൾ<br>U ഷേപ്പ് ടേബിൾ-1, ഡയസ് ടേബിൾ -1,ഡയസ് സ്റ്റേജ്, ഡോർ-3,<br>കമ്പ്യൂട്ടർ ടേബിൾ -1, എക്സിക്യൂട്ടീവ് ചെയർ -4, ഓഫീസ് ചെയർ-22<br>കിംഗ്സ് ചെയർ-1,ഷെൽഫ്. വാൾ പാനലിംഗ്-83.01M2 | | |
| | ആകെ | 2808082 | | 2808082 |

മീനച്ചിൽ റബർവുഡ് ലിമിറ്റഡ് എന്ന ഏജൻസിയുടെ റേറ്റും എസ്റ്റിമേറ്റും (ജി.എസ്.റ്റി ഉൾപ്പെടെ) 29.05.2020 ൽ കൂടിയ ജനറൽ കമ്മിറ്റി 1(3)ാം നം തീരുമാനപ്രകാരം അംഗീകരിക്കുകയും തുടർനടപടി സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കൃത്യമായ ചെക്ക് മെഷർമെന്റ് രേഖപ്പെടുത്താതെ സ്ഥാപനം നൽകിയ ഇൻവോയിസ്/ബിൽ ന്റെ അടിസ്ഥാനത്തിൽ മാത്രമാണ് മേൽ രണ്ടു പദ്ധതികൾക്കും തുക നൽകിയിട്ടുള്ളതെന്നു കണ്ടു. ഗ്രാമപഞ്ചായത്തിന്റെ ഒന്നാം നിലയിൽ നടത്തിയ പ്രവൃത്തികൾക്കാണ് തുക നൽകിയിട്ടുള്ളത്. പാനലിംഗിന്റെയും പാർട്ടീഷന്റെയും സ്റ്റോറേജ് സൗകര്യങ്ങൾ ഏർപ്പെടുത്തിയതിന്റെയും മെഷർമെന്റ് രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റോ എം ബുക്കോ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയത്

ഓഡിറ്റിനു ഹാജരാക്കിയില്ല.

2.ഓഡിറ്റ് നടത്തിയ പരിശോധനയിൽ എസ്റ്റിമേറ്റും ഇൻവോയിസും പ്രകാരമുള്ള പല ഫർണിച്ചറുകളും കാണാൻ കഴിഞ്ഞില്ല. ഓഫീസറുടെ മുറിയിൽ സ്ഥാപിക്കേണ്ട എക്സിക്യൂട്ടീവ് ചെയർ-1,എക്സിക്യൂട്ടീവ് ടേബിൾ-1,ഓഫീസ് ചെയർ -3 എന്നിവ സ്ഥാപിച്ചിട്ടില്ല. സ്റ്റാഫ് റൂമിൽ സ്ഥാപിക്കേണ്ട സ്റ്റഡി ടേബിൾ, സ്റ്റാൻഡിംഗ് കമ്മിറ്റി റൂമിൽ സ്ഥാപിക്കേണ്ട 10 ഡൈനിംഗ് ചെയർ (Dc2k11U) എന്നിവയും എവിടെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നു വ്യക്തമല്ല.

അപാകതകൾ ചൂണ്ടിക്കാട്ടിയുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (13/2020-21:27.11.2021) മറുപടിയായി സാങ്കേതികാനുമതി ആവശ്യമില്ലാത്ത പദ്ധതിയായതിനാലാണ് മെഷർമെന്റ് ബുക്ക് എഴുതാത്തത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ബിൽ പ്രകാരമുള്ള ഫർണിച്ചറുകൾ സപ്ലൈ ചെയ്തിട്ടുണ്ടെന്നും പാനലിംഗും പാർട്ടീഷനും ഭംഗിയായി പൂർത്തിയാക്കിയിട്ടുണ്ടെന്നും നിർവ്വഹണ കാലയളവിലെ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന മറ്റൊരു അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചു. പാനലിംഗ്, പാർട്ടീഷനിംഗ്, സ്റ്റോറേജ് സൗകര്യം ഒരുക്കൽ എന്നിവ മെഷർമെന്റിനെ അടിസ്ഥാനമാക്കിയാണ് തുക നൽകേണ്ടത് എന്നതിനാൽ മെഷർമെന്റ് രേഖപ്പെടുത്താതിരുന്നത് അംഗീകരിക്കാനാവില്ല. പല ഫർണിച്ചറുകളും നിലവിൽ എവിടെയാണെന്നുള്ള ഓഡിറ്റ് അന്വേഷണത്തിനു വ്യക്തമായ മറുപടിയും അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടില്ല. ആയതിനാൽ ചെക്ക് മെഷർമെന്റ് രേഖപ്പെടുത്താതെ നൽകിയ തുക ₹4072353 രൂപ (1264271 + 2808082) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സ്ഥാപനം നൽകിയ ഇൻവോയിസിന്റെ ആധികാരികത ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് എം ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. സ്ഥാപനത്തിനു ഇനിയും നൽകാനുള്ള ബിൽ തുക (₹1331909, ഇൻവോയിസ് നം:105;11.12.2020) നൽകുന്നതിനു മുമ്പ് നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർമ്മാർ നാളിതു വരെ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഫർണിഷിംഗ് പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് രേഖപ്പെടുത്തി ഓഫീസ് ഫർണിഷിംഗിലെ അളവുകളുടെ ആധികാരികത ഉറപ്പാക്കേണ്ടതാണ്. ലഭ്യമാ യ ഫർണിച്ചറുകളുടെ സ്റ്റോക്കുകളും കൃത്യമാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-23 പി.എച്ച്.സി. - കെട്ടിട നിർമ്മാണത്തിന് ലക്ഷങ്ങൾ ചെലവഴിച്ചിട്ടും ഇപ്പോഴും വാടകക്കെട്ടിടത്തിൽ

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പരുമല പ്രദേശത്ത് പി.എച്ച്.സിയുടെ പ്രവർത്തനത്തിനായി നിർമ്മിച്ച സ്വന്തം കെട്ടിടമുണ്ട്. ആയത് നിലനിർത്തിക്കൊണ്ടു തന്നെ ടി കെട്ടിടത്തിന്റെ സമീപത്തായി പി.എച്ച്.സിക്കു വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2012-13 വർഷം പദ്ധതി ആവിഷ്കരിച്ച് പുതിയ കെട്ടിട നിർമ്മാണം ആരംഭിച്ചു. പി.എച്ച്.സി പുതിയ കെട്ടിട നിർമ്മാണത്തിനായി സോയിൽ ടെസ്റ്റിംഗ്, ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, പി.എച്ച്.സി, കെട്ടിട നവീകരണം അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നിങ്ങനെ 2012-13 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലായി താഴെ പറയും പ്രകാരം 5704719 രൂപ ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പ്രോജക്റ്റ് നം. | ഇനം | അടങ്കൽ | ഫണ്ടിനം | ചെലവ് |
|---|---|---|---|---|---|
| 2012-13 | 144/13 | പി.എച്ച്.സി, കെട്ടിടത്തിന് മണ്ണ് പരിശോധന | 100000 | ലോകബാങ്ക് ധനസഹായം | 56180 |
| 2013-14 | 10/14 | പി.എച്ച്.സി. കെട്ടിട നിർമ്മാണം | 1103600 | ലോകബാങ്ക് ധനസഹായം | 916411 |
| 2014-15 | 8/15 | പി.എച്ച്.സി. കെട്ടിട നിർമ്മാണം (SO) | 183041 | ലോകബാങ്ക് ധനസഹായം | 183041 |

| | | | | | |
|---|---|---|---|---|---|
| 2015-16 | 96/16 | പി.എച്ച്.സി. കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം (SO) | 2279807 | ലോകബാങ്ക് ധനസഹായം | 1482677 |
| 2016-17 | 12/17 | പി.എച്ച്.സി. കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം (SO) | 797130 | ലോകബാങ്ക് ധനസഹായം | 484427 |
| 2017-18 | 17/18 | പി.എച്ച്.സി കെട്ടിട നവീകരണം | 873973 | മെയിന്റനൻസ് ഗ്രാന്റ് | 409214 |
| 2018-19 | 17/18 | പി.എച്ച്.സി കെട്ടിട നവീകരണം | - | പാർട്ട് ബിൽ | 401030 |
| 2019-20 | 96/20 | പരുമല പി.എച്ച്.സി കെട്ടിട നവീകരണം | 366038 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 300870 |
| 2020-21 | 123/20-21 | പി.എച്ച്.സി പുനരുദ്ധാരണം | 342000 | ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ | 320655 |
| 2020-21 | 53/20-21 | പി.എച്ച്.സി കെട്ടിടം അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | 1500000 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 1150214 |
| | | ആകെ | | | 5704719 |

<u>നിയമവും, ചട്ടവും ലംഘിച്ച് കെട്ടിട നിർമ്മാണം നടത്തി</u>

ഓഡിറ്റ് നടത്തിയ പരിശോധനയിൽ നിയമങ്ങളും, ചട്ടങ്ങളും പാലിക്കാതെയാണ് പി.എച്ച്.സി. കെട്ടിട നിർമിച്ചതെന്ന് വ്യക്തമായി. 1957-ലെ ഭൂസംരക്ഷണ നിയമവും, ചട്ടവും, 1967-ലെ ഭൂവിനിയോഗ ഉത്തരവും, 2008-ലെ കേരള നെൽവയൽ, നീർത്തട സംരക്ഷണ നിയമവും, ചട്ടങ്ങളും, 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളും ലംഘിച്ചുകൊണ്ട് നീർത്തടപ്രദേശത്താണ് നിർമ്മാണം നടത്തിയിട്ടുള്ളത്. 2018-ലെ പ്രളയത്തിൽ ഈ പ്രദേശം പൂർണ്ണമായും വെള്ളത്തിനടിയിലായിട്ടുള്ളതാണ്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 4 ചട്ടം 26 പ്രകാരം വെള്ളപ്പൊക്കത്തിന് സാധ്യതയുള്ള സ്ഥലത്ത് കെട്ടിടം നിർമ്മാണം അനുവദനീയമല്ല. യാതൊരു കാരണവശാലും കെട്ടിടനിർമ്മാണ അനുമതി ലഭിക്കുന്നതിന് സാധ്യതയില്ലാത്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുകയും കെട്ടിട നമ്പർ നൽകി നിർമ്മാണം ക്രമവത്കരിക്കുകയും ചെയ്തത് വ്യക്തമായ നിയമലംഘനമാണ്.

മഴക്കാലത്ത് വെള്ളം കയറുന്ന പ്രദേശത്ത് മണ്ണ് ഫില്ലിംഗ് നടത്തി സ്ഥലം നിരപ്പാക്കാതെ പില്ലറിലും, കോളത്തിലുമാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ഇത് കെട്ടിട നിർമ്മാണച്ചെലവ് ഇരട്ടിയാകുന്നതിന് ഇടയാക്കിയിട്ടുണ്ട്. സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന സൗകര്യം ഒരുക്കുന്നതിനും കെട്ടിടത്തിന്റെ പരിസരത്ത് സ്ഥലം ഇല്ല. നിലവിൽ സെപ്റ്റിക് ടാങ്ക് നിർമ്മിച്ചിരിക്കുന്നത് തീർത്തും അനുയോജ്യമല്ലാത്ത വെള്ളം കയറുന്ന സ്ഥലത്താണ്. ഒരു ആശുപത്രി നിർമ്മിക്കുന്നതിന് അനുയോജ്യമല്ലാത്ത ഒരു സ്ഥലത്ത് വൻതുക മുടക്കി കെട്ടിടം നിർമ്മിച്ചത് വേണ്ടത്ര ആലോചനയും പഠനവുമില്ലാതെയാണെന്ന് വ്യക്തമാണ്. ഘടക സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുമ്പോൾ സ്ഥലത്തിന്റ അനുയോജ്യത ബന്ധപ്പെട്ട വകുപ്പ് അധികൃതർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം അനുയോജ്യതാ സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് ഇവിടെ കെട്ടിട നിർമ്മാണം നടത്തിയത്.

മേൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ 2016-17, 2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

2017-18-ലെ പദ്ധതിയിൽ ഉൾപ്പെടുത്തി പഴയ പി.എച്ച്.സി. കെട്ടിടം നവീകരിക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റിൽനിന്നും 873973 രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. നവീകരണം എന്ന പേരിലാണ് പദ്ധതി ആവിഷ്കരിച്ചിരുന്നതെങ്കിലും പി.എച്ച്.സി-യുടെ നാശോന്മുഖമായ പഴയ കെട്ടിടം പൊളിച്ചു നീക്കി തൽസ്ഥാനത്ത് അലൂമിനിയം ഷീറ്റ് റൂഫിംഗോടുകൂടിയ ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ്

തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്.

ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി 2017-18 സാമ്പത്തികവർഷം നടത്തിയ പരിശോധനയിൽ ഓഡിറ്റ് കണ്ടെത്തി. ശ്രീ കെ.എം.യോഹന്നാൻ എന്നയാളാണ് പ്രവൃത്തിയുടെ കരാറെടുത്തിരുന്നത്. കരാറുകാരൻ 01.02.2018-ൽ കരാർ വെച്ച് പ്രവൃത്തി ആരംഭിച്ചു. പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ എം.ബുക്ക് പ്രകാരം 22.05.2018-ൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. എം.ബുക്ക് പ്രകാരം കരാറുകാരൻ 703786 രൂപയുടെ പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്. എന്നാൽ 2018-19 വർഷാരംഭത്തിൽ പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാരന് പാർട്ട് ബില്ലായി (24.05.2018-ലെ 2/18-19 നമ്പർ ട്രഷറി ബിൽ പ്രകാരം) 401030 രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. പ്രവൃത്തിയുടെ അവശേഷിച്ച പ്രതിഫലത്തുകയായ 300872 രൂപ 2019-20 സാമ്പത്തിക വർഷമാണ് നൽകിയിട്ടുള്ളത്. കെട്ടിടത്തിന്റെ പ്രധാന ഭിത്തിയുടെ ഒരു ഭാഗം വിള്ളൽവീണ നിലയിലാണ്. പ്രസ്തുത ഭാഗങ്ങൾ പ്ലാസ്റ്റർ ചെയ്ത് മറച്ച നിലയിലുമാണ്. ഫൗണ്ടേഷനും, ബേസ്മെന്റ് ബലവത്തായി നിർമ്മിക്കാത്തതിനാൽ കെട്ടിടത്തിന്റെ ഒരു ഭാഗം താഴേയ്ക്ക് ഇരുന്നതിനാലാണ് ഭിത്തിയ്ക്ക് കേട്പാട് സംഭവിച്ചിട്ടുള്ളത് എന്ന് വ്യക്തമാണ് (Soil Deformed Under The Load Of Foundation Structure And A Vertical Displacement Occurred Due To The Settlement Of Soil). മാത്രമല്ല, എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള സാധന സാമഗ്രികളല്ല പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളത്. ഉദാഹരണമായി എസ്റ്റിമേറ്റിൽ റൂഫിംഗിന് 0.45mm കനമുള്ള അലൂമിനിയം ഷീറ്റുകൾ ഉപയോഗിക്കുന്നതിനായിരുന്നു പ്രൊവിഷൻ നൽകിയിരുന്നത്. എന്നാൽ പരിശോധനയിൽ എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷനിലുള്ള ഷീറ്റുകൾ ഉപയോഗിക്കാതിരുന്നതിനാൽ റൂഫിംഗിന്റെ ഒരു ഭാഗം കെടുപാട് സംഭവിച്ചതായും ബോധ്യപ്പെട്ടു.

ഫയലിലെ രേഖപ്പെടുത്തലുകൾ പ്രകാരം പി.എച്ച്.സി-യുടെ പഴയ കെട്ടിടം Soil Settlement കാരണം കേടുപാട് സംഭവിച്ചതിനെ തുടർന്നാണ് കെട്ടിടം പൊളിച്ച് മാറ്റി തൽസ്ഥാനത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ആയതിനാൽ മണ്ണിന്റെ ഉറപ്പ് പരിശോധിച്ച്, സൈറ്റ് കണ്ടീഷൻ അനുസരിച്ച് കെട്ടിടത്തിന്റെ ഡിസൈനും പ്ലാനും തയ്യാറാക്കേണ്ടത് പ്രവൃത്തിയുടെ ചുമതലയുണ്ടായിരുന്ന അസി.എഞ്ചിനീയറുടെ ഉത്തരവാദിത്തമായിരുന്നു.

ഇതിന് വിപരീതമായി സൈറ്റ് വെരിഫിക്കേഷൻ, ആവശ്യമായ ഇൻവെസ്റ്റിഗേഷൻ എന്നിവ നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, നിർമ്മാണ പ്രവൃത്തികളിന്മേൽ വേണ്ട രീതിയിൽ മേൽനോട്ടം വഹിക്കാതിരിക്കുകയും ചെയ്ത അസി.എഞ്ചിനീയറുടെ നടപടി ഗുരുതരമായ കൃത്യവിലോപമാണ്. മാത്രമല്ല കെട്ടിടത്തിന്റെ നിർമ്മാണത്തിൽ ഗൗരവം അർഹിക്കുന്ന അപാകതകൾ ഉണ്ടായിട്ടും നിർമ്മാണം നിർത്തിവയ്ക്കുന്നതിനോ, വിവരം മേലധികാരികളെ അറിയിച്ച് പരിഹാര നടപടികൾ കൈക്കൊള്ളുന്നതിനോ നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറായിട്ടില്ല. മാത്രവുമല്ല ഫയലിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുകയും ചെയ്തിട്ടില്ല (Completion Certificate, Monitoring Report, Bill Copy, Necessary Recordings In Measurement Book Etc.). മേൽ അപാകതകൾ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (കെ.എസ്.എ.പി.റ്റി.എ പി4/198/20, തീയതി 15-05-20) ഖണ്ഡിക 1-22 പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്.





വെള്ളം കെട്ടിനിന്നതിന്റെ പാടുകൾ (പഴയ കെട്ടിടം)



പഴയ കെട്ടിടത്തിന്റെ ഭിത്തിയിലെ വിള്ളലുകൾ

2016-17, 2018-19 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം നിലവിലുള്ള പി.എച്ച്.സി കെട്ടിടത്തിൽ ഇനിയും പണം മുടക്കുന്നത് പാഴ്ച്ചെലവാണെന്ന് മുന്നറിയിപ്പ് നൽകിയിട്ടും 2019-20, 2020-21 വർഷങ്ങളിൽ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം 1771741 രൂപ പിന്നെയും ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പ്രൊജക്ട് നം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|---|
| 2019-20 | 96/19-20(SO) | പരുമല പി.എച്ച്.സി കെട്ടിട നവീകരണം | 300872(MGNR) |
| 2020-21 | 123/20-21 | പി.എച്ച്.സി പുനരുദ്ധാരണം | 320655(DFGI) |
| 2020-21 | 53/20-21 | പി.എച്ച്.സി കെട്ടിടം- അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | 1150214(MGNR) |

ആരോഗ്യ മേഖലയിൽ അവശ്യ സർവ്വീസായി പ്രവർത്തിക്കേണ്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം നിർമ്മിച്ചത് ദീർഘവീക്ഷണമില്ലാതെ നിലം നികത്തിയാണ്. നിലവിൽ കെട്ടിടം തറയിലോട്ട് ഇരുത്തിയിരിക്കുകയാണ്. ടി കെട്ടിടം നിലവിൽ എപ്പോൾ വേണമെങ്കിലും തകർന്നു വീഴാവുന്ന അവസ്ഥയിലാണ്.



പുതിയ പി.എച്ച്.സി കെട്ടിടം നിലത്ത് ഇരുത്തിയ സ്ഥിതിയിൽ

കെട്ടിടം നിലത്തിനു നടുവിൽ സ്ഥിതിചെയ്യുന്നതിനാൽ ശക്തമായ ഒരു മഴ പെയ്താൽ പോലും കെട്ടിടത്തിനുള്ളിൽ വെള്ളം കയറുന്ന അവസ്ഥയാണ്. കഴിഞ്ഞ മഴക്കാലത്ത് വാക്സിനുകളും പ്രമേഹത്തിനുള്ള മരുന്നുകളും മറ്റ് അവശ്യ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും ഓഫീസിലെ രജിസ്റ്ററുകളും രേഖകളും ഉപകരണങ്ങളും വെള്ളം കയറി നശിച്ചു പോയിട്ടുണ്ട്. കെട്ടിടം അപകടാവസ്ഥയിലായതിനാൽ മഴക്കാലം മാറിയാലും തുടർ പ്രവർത്തനത്തിന് അനുയോജ്യമല്ല. ടി വിവരം നിലവിലെ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എക്സിറ്റ് മീറ്റിംഗിൽ അംഗീകരിച്ചിട്ടുണ്ട്.

നിലവിൽ തിക്കപ്പുഴയുള്ള വാടക കെട്ടിടത്തിലാണ് പി.എച്ച്.സി പ്രവർത്തിക്കുന്നത്. പ്രതിമാസ വാടക 10000 രൂപയാണ്. അവിടെ സ്ഥലപരിശോധന നടത്തിയതിൽ പരിമിതമായ സൗകര്യത്തിലാണ് പി.എച്ച്.സി രണ്ടു മാസമായി പ്രവർത്തിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. പഞ്ചായത്ത് പ്രദേശത്തുള്ള ഉദ്ദേശം ഇരുപത്തിമൂവായിരത്തിൽപ്പരം ജനങ്ങൾക്ക് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സേവനം ലഭ്യമാകുന്നു. പ്രതിദിനം ശരാശരി 100 പേർ OP-യിൽ ചികിത്സ തേടുന്നു. IPHS (Indian Public Health Standards Guideline) മാർഗ്ഗരേഖ പ്രകാരമുള്ള യാതൊരുവിധ സൗകര്യങ്ങളും ഇല്ലാത്ത ഒരു കെട്ടിടത്തിലാണ് നിലവിൽ പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നത്. കെട്ടിടം വേണ്ടത്ര സ്ഥലസൗകര്യം ഇല്ലാത്തതും വൃത്തിഹീനവുമാണ്. ഇവിടെ രോഗികൾക്കുള്ള കാത്തിരിപ്പ് കേന്ദ്രമോ, ടോയ്‌ലറ്റ് സൗകര്യമോ ഇല്ല. ഓ. പി റൂം ഇല്ല.



ഒ.പി ടിക്കറ്റ് നൽകുന്ന മുറി

ഫാർമസി റൂം, മരുന്നുകൾ സൂക്ഷിക്കുന്നതിന് എ സി സ്റ്റോർ റൂം തുടങ്ങിയ സൗകര്യങ്ങൾ ഇല്ല. ഫാർമസിയും മരുന്നുകൾ സൂക്ഷിക്കുന്നതും ഒരേ മുറിയാണ്. ഈ മുറിയാകട്ടെ ഈർപ്പം നിറഞ്ഞതും ഇടുങ്ങിയതുമാണ്.



ഈർപ്പം നിറഞ്ഞതും ഇടുങ്ങിയതുമായ ഫാർമസി





രോഗികൾക്കുള്ള ഒബ്സർവേഷൻ റൂം, കൂടുതൽ രോഗികൾ ചികിത്സയ്ക്കായി വന്നാൽ വിശ്രമിക്കുന്നതിനുള്ള സ്ഥലം നഴ്സസ് സ്റ്റേഷൻ എന്നിവ ഇല്ല.



സ്ഥലസൗകര്യങ്ങളില്ലാത്ത ഇടുങ്ങിയ നഴ്സിംഗ് റൂം






ഡോക്ടറുടെ കൺസൾട്ടിംഗ് റൂം

ആവശ്യത്തിനുള്ള ഫർണ്ണിച്ചറുകൾ, അലമാരകൾ, കബോർഡുകൾ എന്നിവ ഇല്ല. ഡോക്ടർക്ക് രോഗിയെ വിശദമായി പരിശോധിക്കുന്നതിനോ, അവശ്യഘട്ടത്തിൽ ഡ്രിപ്പ് ഇടുന്നതിനോ ഉള്ള സൗകര്യമില്ല. മുലയൂട്ടുന്ന അമ്മമാർക്ക് അതിനുള്ള സ്ഥലസൗകര്യങ്ങൾ ഇല്ല. പാലിയേറ്റീവ് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്ക് പ്രത്യേകമായി ഓഫീസ് റൂമില്ല. പ്രാഥമീക ആരോഗ്യകേന്ദ്രത്തിനോട് ചേർന്ന് പ്രവർത്തിക്കുന്ന സബ്സെന്ററിലെ ഹെൽത്ത്

ഇൻസ്പെക്ടർമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവർക്ക് അവരുടെ ചുമതല നിർവ്വഹിക്കുന്നതിനോ, രേഖകൾ സൂക്ഷിക്കുന്നതിനോ കെട്ടിടത്തിൽ സൗകര്യമില്ല. ജീവനക്കാർക്ക് ഡ്രസ് മാറി യൂണിഫോം ധരിക്കുന്നതിനുള്ള മുറിയില്ല. മരുന്നുകൾ കൊണ്ടുവരുന്ന കാർട്ടണുകൾ മുറിയുടെ മൂലയിൽ കൂട്ടിവെച്ചിരിക്കുന്ന അവസ്ഥയിലാണ് കാണാൻ കഴിഞ്ഞത്. വേസ്റ്റ് ഡിസ്പോസലിനുള്ള സൗകര്യങ്ങളില്ല. സ്ഥലസൗകര്യങ്ങൾ പരിമിതമായ ഈ കെട്ടിടത്തിൽതന്നെയാണ് പാലിയേറ്റീവ് കെയർ യൂണിറ്റും പ്രവർത്തിക്കുന്നത്.



പാലിയേറ്റീവ് കെയർ യൂണിറ്റ്

പി.എച്ച്.സിക്ക് സ്വന്തമായി ആംബുലൻസ് ഉണ്ടെങ്കിലും പാർക്കിംഗ് സൗകര്യങ്ങൾ ഇല്ല. ഡോക്ടറുടെ വീട്ടിലാണ് ആംബുലൻസ് സൂക്ഷിക്കുന്നത്. ജീവനക്കാരുടെ സേവനം പൂർണ്ണമായി വിനിയോഗിക്കുന്നതിന് സ്ഥലപരിമിതി ഒരു തടസ്സമാകുന്നു. കഴിഞ്ഞ എട്ട് മാസത്തിനിടയിൽ തിക്കപ്പുഴ, പാലച്ചുവട്, പരുമല എന്നിങ്ങനെ മൂന്നു സ്ഥലങ്ങളിലായി പി.എച്ച്.സി സ്ഥലം മാറ്റി. ഇങ്ങനെ നിരന്തരം കെട്ടിടം ഷിഫ്റ്റ് ചെയ്യുമ്പോൾ മെഡിക്കൽ സംബന്ധമായ ഉപകരണങ്ങൾക്ക് നാശനഷ്ടങ്ങളുണ്ടാകുന്നു. മാത്രമല്ല ആയത് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.

2012-13 മുതൽ 2020-21 വരെയുള്ള കാലഘട്ടത്തിൽ പി.എച്ച്.സിയുടെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി 5704719 രൂപ ചെലവഴിച്ചെങ്കിലും പി.എച്ച്.സിക്കായി അനുയോജ്യവും സൗകര്യപ്രദവുമായ ഒരിടം നിർമ്മിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചില്ല. മാത്രമല്ല നിലവിൽ പി.എച്ച്.സി പ്രവർത്തിക്കുന്ന കെട്ടിടത്തിന് 10000 രൂപ വാടകയിനത്തിൽ മാസാമാസം നൽകേണ്ടിയും വരുന്നു. ആയത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കാത്ത കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ

2020-21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളിലും 12% GST പ്രവൃത്തിമൂല്യത്തിൽ നിന്നും കൂട്ടി നൽകിയിട്ടുണ്ട്. സ.ഉ. (സാധാ) നം: 2532/2018 /തസ്വഭവ;29.09.2018 സർക്കാർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം,GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ, ക്ലെയിം അനുവദിക്കുന്ന സ്ഥാപനത്തിനു (ഗ്രാമപഞ്ചായത്തിനു) നൽകണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്.

നിർവ്വഹണ ഫയലുകളിലൊന്നും തന്നെ കരാറുകാരുടെ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല. താഴെ പറയുന്ന കരാറുകാർ ഈ പഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുകയും 12% GST കോമ്പൻസേഷൻ നേടുകയും ചെയ്തിട്ടുണ്ട്. ഈ കരാറുകാരുടെ GST നമ്പർ രേഖപ്പെടുത്തിയ സെൽഫ് ഡിക്ലറേഷൻ ഫോം ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

| ക്രമ | കരാറുകാരന്റെ പേര് | പ്രൊജക്ട് നം- പ്രവൃത്തി | നൽകിയ 12% GST |
|---|---|---|---|

| നം | | മൂല്യം (₹) | കോമ്പൻസേഷൻ (₹) |
|---|---|---|---|
| 1 | സാനു P.S | 154/2020-21- 115073 | 13808 |
| | | 153/2020-21- 117719 | 14126 |
| | | 159/2020-21-64695 | 7763 |
| | | 34/2020-21-312450 | 37494 |
| | | 120/2020-21 -445840 | 53501 |
| | | 198/ 2020-21 -150405 | 18048 |
| | | 54/ 2020-21 -236217 | 28346 |
| 2 | യോഹന്നാൻ K.M, കരിമ്പിൻ പീടികയിൽ, വളഞ്ഞവട്ടം | 121/ 2020-21 -94636 | 11356 |
| | | 58/ 2020-21 -394634 | 47356 |
| | | 35/ 2020-21 -333216 | 39986 |
| | | 76/2020-21- 346872 | 41624 |
| 3 | അനിൽ എസ് ഉഴത്തിൽ, ഉഴത്തിൽ, പരുമല, മാന്നാർ | 97/2020-21- 385408 | 46249 |
| | | 44/ 2020-21 -357122 | 42854 |
| | | 162/2020-21- 307205 | 36865 |
| 4 | എബ്രഹാം വർഗീസ് , ഓറേത്ത് പുളിമൂട്ടിൽ, കടപ്ര | 37/ 2020-21-209405 | 25129 |
| | | 135/ 2020-21-133755 | 16050 |
| | | 134/ 2020-21 -132462 | 15895 |
| 5 | ബിനോയ് വി പി ,മണത്ര വട്ടവത്ത്, വളഞ്ഞവട്ടം | 144/ 2020-21-177330 | 21280 |
| | | 60/ 2020-21 -267252 | 32070 |
| | | 64/ 2020-21 -178011 | 21361 |
| | | 137/ 2020-21 -356276 | 42753 |
| | | 131/ 2020-21 -216132 | 25936 |
| | | 238/ 2020-21 -223026 | 26764 |
| | | 168/ 2020-21 -357104 | 42852 |
| | | 169/ 2020-21 -381045 | 45726 |
| 6 | സബികുമാർ പി, പുന്നശ്ശേരിൽ, തലവടി | 139/ 2020-21 -388234 | 46588 |
| | | 138/2020-21-267661 | 32119 |
| 7 | മോൻസൺ ഐസക്, ഭഗവത് കുഴി, നിരണം | 32/2020-21- 311686 | 37402 |
| | | 45/ 2020-21 -133603 | 16032 |
| | | 164/ 2020-21 -263253 | 31590 |
| | | 59/ 2020-21 -472755 | 56731 |
| | | 167/ 2020-21 -549584 | 65950 |
| | | 158/ 2020-21 -167502 | 20100 |
| 8 | ജിജു എബ്രഹാം, പാലത്തുംപാട്ട്, പരുമല | 79/ 2020-21 -249061 | 29887 |
| | | 62/ 2020-21 -292108 | 35053 |
| | | 61/ 2020-21 -265314 | 31838 |
| | | 239/ 2020-21 -356765 | 42812 |
| 9 | SSA ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റി. | 111/ 2020-21 -148486 | 17800 |
| | | 46/ 2020-21 -133727 | 16031 |

| | | | |
|---|---|---|---|
| | | 143/ 2020-21 -144341 | 17321 |
| 10 | ബിജു അലക്സ്, മറ്റക്കൽ, കടപ്ര | 202/ 2020-21 -236555 | 28386 |
| | | 166/ 2020-21 -356922 | 42830 |
| | ആകെ | | 13,23,662 |

സ.ഉ(അച്ചടി) നം: 87/2017/തസ്വഭവ; 01.11.2017 ഉത്തരവു പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്.എല്ലാ കരാറുകാരുടേയും GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഓഡിറ്റിനു ഹാജരാക്കിയിരുന്നില്ല.

അപാകതകൾ ചൂണ്ടിക്കാട്ടിയുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/2020-21: 26.11.2021) സെൽഫ് ഡിക്ലറേഷൻ ഫോം കരാറുകാരിൽ നിന്നും അടിയന്തിരമായി ലഭ്യമാക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചു. എല്ലാ കരാറുകാരുടേയും GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പുകളും സെൽഫ് ഡിക്ലറേഷൻ ഫോമും ഓഡിറ്റിനു ഹാജരാക്കാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 1018473 | അന്നപൂർണ്ണ, 57/21 | 1018473 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1000000 | അന്നപൂർണ്ണ, 82/21 | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 165000 | 4/21 പാലിന് സബ്സിഡി | 165000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 300000 | 56/21 പാലിന് സബ്സിഡി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 391059 | ലൈഫ് ഭവന പദ്ധതി | 391059 | 0 |
| ജില്ലാ | 2020-21 | 256533 | ലൈഫ് മിഷൻ | 256533 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | ഭവനനിർമ്മാണം(എസ് സി) | | |
| ബ്ളോക്ക് പഞ്ചായത്ത് | 2020-21 | 552408 | ലൈഫ് മിഷൻ ഭവനനിർമ്മാണം(എസ് സി) | 552408 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2020-21 | 951462 | ലൈഫ് ഭവനനിർമ്മാണം | 951462 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | 20/21 അനുപൂരക പോഷകാഹാരം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 250000 | 22/21 ഭിന്നശേഷിക്കാർക്ക് പോഷകാഹാരം | 250000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2020-21 | 200000 | 22/21 ഭിന്നശേഷിക്കാർക്ക് പോഷകാഹാരം | 200000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ റഫറൻസ് നമ്പർ. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ളിയു.എ | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (പ്രൊജക്ട് നം 173/21 | | 100000 | 100000 | 0 |
| ഭൂജല വകുപ്പ് | ഓഫീസ് പരിസരത്ത് കുഴൽ കിണർ നിർമ്മാണം (പ്രൊജക്ട് നം 221/21 | | 100000 | 100000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | തുക | | | ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | തുക |
| കെ.യു. ആർ. ഡി.എഫ്.സി | GO(MS)68/ 18.05.18 | 6320105 | 9485987 | 936549 | - | 8549438 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ഇല്ല |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2018-19 | 1-21 | 2019-20 | | ഗ്യാസ് ക്രിമറ്റോറിയം | കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഫർണ്ണസ് സ്ഥാപിക്കുന്നതിന് തൻവർഷം പ്രൊജക്ട് ഏറ്റെടുത്തിട്ടുണ്ട് |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 85146480.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77954055 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4334853 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 262500 | റോയി ഐസക്ക് വർഗ്ഗീസ്, കൃഷി ഓഫീസർ |
| 1-22 | 4072353 | ഓമന കെ.പി, അസി. എഞ്ചിനീയർ<br>അനുപമ, അസി. എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. റോയി ഐസക്ക് വർഗ്ഗീസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കടപ്ര പഞ്ചായത്ത്, പത്തനംതിട്ട | കല്ലിശ്ശേരിൽ ഹൗസ്, കടപ്ര, നിരണം പി.ഒ, തിരുവല്ല – 689621 |
| ശ്രീമതി. ഓമന കെ.പി, അസി. എഞ്ചിനീയർ | റിട്ടയേഡ് | ശ്രീമതി. ഓമന കെ.പി, ഭാസ്കരവിലാസം, അട്ടച്ചാക്കൽ പി.ഒ, കോന്നി, പത്തനംതിട്ട – 689692 |
| ശ്രീമതി. അനുപമ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, അയിരൂർ ഗ്രാമപഞ്ചായത്ത്, ചെറുകോൽപ്പുഴ, പത്തനംതിട്ട | ശ്രീമതി. അനുപമ പി.ആർ, പൗർണ്ണമി, പോച്ചംകോണം, എഴുകോൺ പി.ഒ, കൊല്ലം 691505 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി3-590/96,തീയതി.10-7-1997 | 2 |
| 1997-98 | എൽ.എഫ്.പി.റ്റി.എ.പി4-621/02,തീയതി.7-02-03 /10-04-03 | 1 |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി4-536/03,തീയതി.11-02-04 /30-04-04 | 4 |
| 2001-02 ചെലവ് | എൽ.എഫ്.പി.റ്റി.എ.പി4-474/05,തീയതി.15-10-05 /07-12-05 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി6-850/09,തീയതി.27-02-10 /29-10-11 | 5 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി6-697/10,തീയതി.2-11-11 | 8 |

| | | |
|---|---|---|
| | /05-02-13 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി6-698/10,തീയതി.21-11-11 /05-02-13 | 8 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി7-793/11,തീയതി.20-12-11 /05-02-13 | 5 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി7-793(A)/11,തീയതി.21-12-11/ 05-02-13 | 7 |
| 2008-09 മുതൽ 2011-12 വരെ | എൽ.എഫ്.പി.റ്റി.എ. പി11-38/13,തീയതി.23-03-13 /27-07-13 | 10 |
| 2012-13 & 2013-14 | എൽ.എഫ്.പി.റ്റി.എ. പി4-885/14,തീയതി.14-11-14 /18-11-14 | 6 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി4/685/16തീയതി. 23.6.2016 | 4 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി4/1383/2016,തീയതി 03.01.2017 | 20 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി-4/915 /17,തീയതി 26.8.17 | 29 |
| 2017-18 | കെ.എസ്.എ.പി.റ്റി.എപി-4/98/19, തീയതി18/02/2019 | 33 |
| 2018-19 | കെ.എസ്.എ.പി.റ്റി.എപി4/198/20,തീയതി15/05/2020 | 41 |
| 2019-20 | കെ.എസ്.എ.പി.റ്റി.എപി4 -837/2021 തീ. 10.01.2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്